KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 | 25/07/2023

**സർക്കുലർ നമ്പർ 33/2023 (BD)**

വിഷയം:- മൈക്രോ ശാഖയിൽ ഫയൽ തീർപ്പാക്കുന്നതിനുള്ള അധികാര പരിധി സംബന്ധിച്ച്.

സൂചന :- 1. 23/06/2023 തീയതിയിലെ 571 - ാമത് ബോർഡ് യോഗത്തിലെ 9968 നമ്പർ തീരുമാനം.
2. 05/01/2023 തീയതിയിലെ 01/2023 (BD) നമ്പർ സർക്കുലർ.

****

വായ്പകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനും കമ്പോളത്തിൽ കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും വേണ്ടിയാണ് കെ.എസ്.എഫ്.ഇ മൈക്രോ ശാഖകൾ ആരംഭിക്കാൻ തീരുമാനിച്ചത്. നിലവിൽ വിവിധ മേഖലകളിലായി 18 ഓളം മൈക്രോ ശാഖകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരം ശാഖകൾ അവ പ്രവർത്തിക്കുന്ന പ്രദേശത്തെ സാധാരണക്കാർക്ക് ആശ്രയിക്കാവുന്ന ഒരു പ്രധാന സാമ്പത്തിക വ്യവഹാര കേന്ദ്രമാകുമെന്നതിനാൽ സാധാരണ ഒരു ശാഖ പ്രദാനം ചെയ്യുന്ന എല്ലാവിധ സേവനങ്ങളും മൈക്രോ ശാഖകളിലും ലഭ്യമാക്കിയിട്ടുണ്ട്. സ്വർണപ്പണയ വായ്പ 3 കോടി, ഭവന വായ്പ 3 കോടി, വ്യക്തിഗത വായ്പ 1 കോടി, ചിട്ടി 10 ലക്ഷം, നിക്ഷേപം 1 കോടി രൂപ എന്നിങ്ങനെയാണ് ആദ്യ വർഷത്തെ പ്രധാന ബിസിനസ്സ് ലക്ഷ്യങ്ങൾ (01/06/2022 തീയതിയിലെ 3006/plg നമ്പർ കത്ത്). നമ്മുടെ പല മൈക്രോ ശാഖകളിലും മേലധികാരിയായി നിശ്ചയിച്ചിട്ടുള്ളത് ഡെപ്യൂട്ടി മാനേജർമാരെയാണ്. ഇങ്ങനെ ഡെപ്യൂട്ടി മാനേജർമാർ നിയന്ത്രിക്കുന്ന മൈക്രോ ശാഖകളിൽ ഫയലുകൾ തീർപ്പാക്കാനുള്ള അവരുടെ അധികാരപരിധി (Delegation of Powers) സൂചന (1) പ്രകാരം താഴെപ്പറയുന്ന രീതിയിൽ നിശ്ചയിച്ചിരിക്കുന്നു.

| Scheme | Surety | Branch level | |
|---|---|---|---|
| | | Ordinary Branches | Micro Branches |
| Chitty | Personal Surety | Upto 12 lakhs | Upto 10 lakhs |
| | Property | Upto 20 lakhs | Upto 10 lakhs |
| Chitty Loan | Personal Surety | Upto 7 lakhs | Upto 5 lakhs |
| | Property | Upto 12 lakhs | Upto 5 lakhs |
| KPL | Personal Surety | Upto 7 lakhs | Upto 5 lakhs |
| | Property | Upto 7 lakhs | Upto 5 lakhs |
| KHL | Property | Upto 20 lakhs | Upto 10 lakhs |
| CVL | Personal Surety | Upto 5 lakhs | Upto 3 lakhs |
| | Property | Upto 5 lakhs | Upto 3 lakhs |

മേൽ പരിധിയ്ക്ക് മുകളിൽ വരുന്ന തുക സൂചന (2) സർക്കുലർ പ്രകാരം മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള പരിധി വരെ മേഖലാ തലവന്മാർക്ക് തീർപ്പാക്കാവുന്നതാണ്.

ഇപ്പോൾ മാനേജർമാർ ശാഖാ തലവന്മാരായിട്ടുള്ള (Unit Head) മൈക്രോ ശാഖകളിൽ സൂചന (2) സർക്കുലർ പ്രകാരം നൽകിയിട്ടുള്ള Branch Level പരിധി വരെ ഫയൽ തീർപ്പാക്കാവുന്നതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

<u>പകർപ്പ്</u>

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും**
3. **MD യുടെ PA**
4. **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
5. **എല്ലാ SDT ഓഫീസുകൾക്കും**
6. **സർക്കുലർ ഫയൽ**